ഡിസൈനർ ഗൃഹവാസ്തുകലയെ കുറിച്ച്

# വീടും പ്ലാനും

THE COMPLETE MAGAZINE ON RESIDENTIAL ARCHITECTURE

2019 September-October
Vol. 4 | Issue 5
Price ₹ 100/- | AED 30 | US$ 10



സ്പെഷ്യൽ ഫോക്കസ്-എലിവേഷൻ

## എലിവേഷൻ എന്നത് വെറും അലങ്കാരമല്ല

ആർക്കിടെക്റ്റ് സുരാഗ് വിശ്വനാഥൻ അയ്യർ

## വീടുകൾക്ക് മോഡൽ തയ്യാറാക്കാം

സ്മിജോ ജോസ്

## 5 എലിവേഷനും പ്ലാനും

## 20 വീടുകൾ

വ്യൂ പോയിന്റ്

## പ്രകൃതി വിഭവങ്ങൾ ദുരുപയോഗം ചെയ്യരുത്

ആർക്കിടെക്റ്റ് ജോസ് കെ. മാത്യു

# എലിവേഷൻ എന്നത് വെറും അലങ്കാരമല്ല

## ഓരോ സൈറ്റിന്റേയും തനതു സവിശേഷതകൾ കണക്കിലെടുത്തുവേണം എലിവേഷൻ രൂപകൽപന ചെയ്യാൻ. വിവിധ സാമഗ്രികളും ശൈലികളും ഇടകലർത്തി ഉപയോഗിക്കുന്നതിലല്ല കാര്യം


ദൈനംദിന ജീവിതം കൂടുതൽ സ്വസ്ഥവും ഊർജ്ജസ്വലവുമാക്കാനുതകുന്ന വിധത്തിലാണ് നാം വീടുകൾ നിർമ്മിക്കേണ്ടത്. വീടിന്റെ പ്ലാൻ വരയ്ക്കുന്നതിനൊപ്പം പ്രാധാന്യം അതിന്റെ എലിവേഷൻ അഥവാ ഫസാഡിനും നൽകണം. താമസക്കാരുടെ സ്വകാര്യതയും സുരക്ഷയും ഉറപ്പാക്കുന്നതിനൊപ്പം ചൂടിനെ പുറന്തള്ളി വെളിച്ചവും വായുസഞ്ചാരവും ഉറപ്പാക്കുന്ന അകത്തളവുമായി ഇണങ്ങുന്നതായിരിക്കണം വീടിന്റെ മുഖപ്പ്. വിവിധ സാമഗ്രികളും ശൈലികളും ഇടകലർത്തി ഉപയോഗിക്കുന്നതിലല്ല കാര്യം.

ലൊക്കേഷൻ, ഓറിയന്റേഷൻ, അളവുകൾ, സവിശേഷ കാലാവസ്ഥ, കാഴ്ചാപ്രാധാന്യം അടുത്തുള്ള കെട്ടിടങ്ങൾ, ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ എന്നിങ്ങനെ ഓരോ സൈറ്റിന്റേയും തനതു സവിശേഷതകൾ കണക്കിലെടുത്തുവേണം എലിവേഷൻ രൂപകൽപന ചെയ്യാൻ. ഉദാഹരണത്തിന്, വടക്കുവശത്ത് കനത്ത മതിലും തെക്കുഭാഗത്ത് വലിയ ജനാലകളും നൽകുന്നത് അകത്തളത്തിന്റെ ഊഷ്മളതയെ ബാധിക്കും. കെട്ടിടത്തിന്റെ ദിശ, അകത്തളം, എലിവേഷനിലുണ്ടാകാവുന്ന സ്വാധീനം എന്നിവ കണക്കിലെടുത്തു വേണം ജനലുകളുടെ എണ്ണവും വലുപ്പവും നിശ്ചയിക്കാൻ. അകത്തളത്തിന്റെ



ആർക്കിടെക്റ്റ് സുരാഗ് വിശ്വനാഥൻ അയ്യർ






PARAMERTIC PERFORATED FACADE DESIGN
(NORTH EAST WALL)

**വീടിന്റെ കരടു രൂപരേഖയ്ക്കിണങ്ങുന്നതുമായ ഏത് വാസ്തു കലാശൈലിയും എലിവേഷനിൽ സ്വീകരിക്കാം**


ഉപയുക്തതയ്ക്കനുസൃതമായി മറ്റ് എക്സ്റ്റീരിയർ ഘടകങ്ങളുമായി ചേർന്നു പോകുന്ന വിവിധ രൂപങ്ങളും അളവുകളും ജനലുകൾക്ക് നൽകാം.

ചുറ്റുപാടുകൾക്കിണങ്ങും വിധമുള്ള മാറ്റങ്ങൾ വരുത്തിക്കൊണ്ട് മറ്റ് ഡിസൈൻ എലമെന്റുകളുമായി ഇഴുകിച്ചേരുന്നതും വീടിന്റെ കരടുരൂപരേഖയ്ക്കിണങ്ങുന്നതുമായ ഏത് വാസ്തുകലാശൈലിയും എലിവേഷനിൽ സ്വീകരിക്കാം. മറ്റ് ഡിസൈൻ എലമെന്റുകളോടിണക്കുന്നതിനൊപ്പം മറ്റ് കെട്ടിടങ്ങൾക്കിടയിൽ തലയെടുപ്പോടെ നിൽക്കത്തക്ക വിധമുള്ള വ്യത്യസ്തതകളും എലിവേഷനിൽ കൊണ്ടുവരണം. കാഴ്ചക്കാരെ ആകർഷിക്കുന്നതാവണം എലിവേഷൻ. ഇതിനായി വിവിധ വർണ്ണങ്ങളോ, രൂപങ്ങളോ, ടെക്സ്ചറോ ഉപയോഗിക്കുകയോ ഒരു ഭാഗം മാത്രം മറ്റുള്ളവയിൽ നിന്ന് വ്യത്യസ്തമായി ഒരുക്കുകയോ ചെയ്യാം. വിവിധ വർണ്ണങ്ങളും, സാമഗ്രികളും, ടെക്സ്ചറുകളും ഉപയോഗിക്കുന്നതിലൂടെ ഡിസൈൻ എലമെന്റുകൾക്കിടയിൽ ഉരുത്തിരിയുന്ന സന്തുലനവും അനുപാതങ്ങളുമാണ് എലിവേഷൻ ഡിസൈനിലെ പ്രധാന ഘടകങ്ങൾ.


മുഖപ്പ് അലങ്കരിക്കാനും നിർമ്മാണവേളയിലും പരിസ്ഥിതി സൗഹൃദമായ സാമഗ്രികൾ ഉപയോഗിക്കുന്ന പ്രവണത ഇപ്പോൾ ഏറിവരുകയാണ്. പരമ്പരാഗത വാസ്തുകലാ ശൈലി നമ്മുടെ പാരിസ്ഥിതിക സാഹചര്യങ്ങൾക്കിണങ്ങുന്നതായിരുന്നു; ഇന്നാകട്ടെ പരമ്പരാഗത ആശയങ്ങളും ഘടകങ്ങളും വിവിധ തരത്തിൽ ഉപയോഗിക്കപ്പെടുന്നതാണ് കാണുന്നത്. അത്തരം ഒരു ഡിസൈൻ എലമെന്റാണ് സ്കിൻവാൾ അഥവാ ഡബിൾ വാളുകൾ. സ്കിൻ വാളുകളുടെ ഉൾഭിത്തി കനത്ത ചൂട്, കാറ്റ്, ശബ്ദം എന്നിവയിൽ നിന്ന് കെട്ടിടത്തെ സംരക്ഷിക്കുന്നതിനൊപ്പം ചൂടിനെ കാര്യക്ഷമമായി പ്രതിരോധിക്കുകയും ചെയ്യും. പല തരത്തിലുള്ള ലൂവറുകൾ, പെർഫോറേറ്റഡ് അഥവാ ജാളി വാളുകൾ എന്നിവയാണ് മറ്റ് ചില ഘടകങ്ങൾ. കെട്ടിടത്തിന്റെ വലുപ്പം, ദിശ, എലിവേഷന്റെ പ്രത്യേകത എന്നിവയെ ആശ്രയിച്ചിരിക്കും ഇവയുടെ ഉപയോഗം. വിവിധ മെറ്റീരിയലുകളിലും ഫിനിഷുകളിലുമുള്ള ലൂവറുകളും ജാളിവാളുകളും ഇന്ന് വിപണിയിൽ ലഭ്യമാണ്. ഒരു കാലത്ത് പുറന്തള്ളപ്പെട്ടിരുന്ന ജാളി ബ്ലോക്കുകളും പെർഫോറേറ്റഡ് വാളുകളും ഇന്ന് അതിവേഗം വീട്ടുടമകളുടെ മനം കവരുകയാണ്. വെയിലിന്റേയും കാറ്റിന്റേയും ദിശ, പ്രകാശ ലഭ്യത, താമസക്കാരുടെ സ്വകാര്യത എന്നിങ്ങനെ വ്യത്യസ്ത മാനദണ്ഡങ്ങൾക്ക് അനുസൃതമായ വിവിധ അഴകളവുകളിലുള്ള ജാളി ബ്ലോക്കുകൾ ഇന്ന് വിപണിയിലുണ്ട്. സിമന്റ്, കോൺക്രീറ്റ്, കളിമണ്ണ് എന്നിവയിൽ തീർത്ത ജാളി ബ്ലോക്കുകളാണ് സർവസാധാരണം; വിവിധ അളവുകളിലുള്ള സുഷിരങ്ങളുള്ള മെറ്റൽ ഷീറ്റുകളും ഇവയ്ക്കൊപ്പമുണ്ട്. അതത് സൈറ്റുകളിലെ താപനില, വെയിലിന്റേയും കാറ്റിന്റേയും ദിശ എന്നിവ കണക്കിലെടുത്ത് ഉചിതമായ മെറ്റീരിയലുകളിൽ കൃത്യമായ അളവുകളിലുള്ള സുഷിരങ്ങളോടു കൂടിയ മികവുറ്റ ഡിസൈനുകൾ സൈറ്റിൽ തന്നെ നിർമ്മിച്ചെടുക്കുകയാണ് ഇപ്പോൾ പതിവ്. സുഷിരങ്ങളിടാൻ സിഎൻസിയോ വാട്ടർ ജെറ്റ് കട്ടിങ്ങ് മെഷിനോ ഉപയോഗിക്കാം. പ്രകാശ ലഭ്യത ഉറപ്പാക്കുന്നതിനൊപ്പം രാവും പകലും ആകർഷകമായ അഴകളവുകൾ തീർക്കാനും ഇവയ്ക്കു കഴിയും.

ഡിസൈൻ ലേ ഔട്ടിന്റെ അന്തിമരൂപമായതിനു ശേഷം പരിഗണിക്കേണ്ടത് ചുമരുകളേയും അവയിലെ അലങ്കാരങ്ങളേയുമാണ്. ഇവിടെയും വിവിധ നിറങ്ങൾ, ടെക്സ്ചറുകൾ, സാമഗ്രികൾ, എന്നിവ കൃത്യമായ അനുപാതത്തിൽ ഉപയോഗിക്കണം. തുല്യ പ്രാധാന്യത്തോടെ ഒരു ക്യാൻവാസിലെന്നോണമായിരിക്കണം ഫസാഡിന്റെ ഭാഗമായ ടെക്സ്ചർ വാളുകളുടേയും ക്ലാഡിങ് വാളുകളുടേയും വിന്യാസം. ലൂവറുകൾ, പെർഫോറേഷൻ പാനലുകൾ, സൺഷേഡുകൾ എന്നിവയ്ക്കു പുറമേ ടെക്സ്ചർ, ക്ലാഡിങ് വാൾ, ലൈറ്റുകൾ എന്നിവ ഉൾപ്പെടുത്തിയും എലിവേഷൻ ആകർഷകമാക്കാം. ഒരു ചുമർ പൂർണ്ണമായും ഒരേ മെറ്റീരിയൽ കൊണ്ട് ക്ലാഡ് ചെയ്യുന്നതിന് പകരം വിവിധ ക്ലാഡിങ് മെറ്റീരിയലുകൾ ഇടകലർത്തി ഉപയോഗിക്കുന്നത് വ്യത്യസ്തതയായിരിക്കും. ഡിസൈനർ വാൾ ലൈറ്റുകളുടെ ശ്രദ്ധാപൂർവ്വമുള്ള തെരഞ്ഞെടുപ്പും ക്രമീകരണവും മുഖപ്പിന് രാവും പകലും വ്യത്യസ്ത ഭാവങ്ങൾ പകർന്നു നൽകും.

ഹരിതഭിത്തികൾ, വെർട്ടിക്കൽ ഗാർഡനുകൾ എന്നീ ആശയങ്ങളും ഇന്ന് വ്യാപകമായി ഉപയോഗിക്കപ്പെടുന്നുണ്ട്. ജനപ്പെരുപ്പം മൂലം ഭൂമിയുടെ ലഭ്യതയിലും വൃക്ഷലതാദികളുടെ സാന്നിധ്യത്തിലും ഗണ്യമായ കുറവ് വരുന്നുണ്ട്. പരമാവധി പരിസ്ഥിതി സൗഹൃദ ഘടകങ്ങൾ ഉൾപ്പെടുത്തി വീടുകൾ രൂപകൽപ്പന ചെയ്യുന്നതിലൂടെ ഈ പ്രശ്നം ഒരളവു വരെ പരിഹരിക്കാം. ചുരുക്കത്തിൽ എലിവേഷൻ അഥവാ ഫസാഡ് ഡിസൈൻ ഒരു കെട്ടിടത്തിന് കേവലം ഒരു അലങ്കാരമല്ല ആവിഷ്ക്കാര ശൈലിയാണ്.●



CLADDING WALL PATTERN



LADDING WALL PATTERN

***വിവരങ്ങൾക്കും ചിത്രങ്ങൾക്കും കടപ്പാട്:***
*ആർക്കിടെക്റ്റ് സുരാഗ് വിശ്വനാഥൻ അയ്യർ, പ്രിൻസിപ്പൽ ആർക്കിടെക്റ്റ്, എമിനെൻസ് ആർക്കിടെക്റ്റ്സ്(ഇന്റീരിയർ &ഡിസൈൻ), തൃപ്പൂണിത്തുറ.* Email: surag@minence architects.com.
Ph: 9895347562